DESPATCHED
On 15/06/2020

22/02/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 1136*(2)/2017*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **5884**/*എസ്.ഐ.സി-ജി 6/17*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ.വി.അബ്ദുൾ ഗഫൂർ,<br>അൽഹിബ, അടിയിലം പറമ്പത്ത്,<br>പന്തീരാങ്കാവ് പി.ഒ., കോഴിക്കോട്,<br>പിൻ – 673 019. | അപ്പീൽ ഹർജിക്കാരൻ |

**Vs**

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&<br>അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,<br>ചീഫ് എഞ്ചിനീയറുടെ(മാനവ വിഭവശേഷി<br>നിർവ്വഹണം) കാര്യാലയം, വൈദ്യുത ഭവനം,<br>പട്ടം, തിരുവനന്തപുരം.<br><br>2. അപ്പീൽ അധികാരി&<br>സീനിയർ അക്കൗണ്ടസ് ഓഫീസർ,<br>ചീഫ് എഞ്ചിനീയറുടെ(മാനവ വിഭവശേഷി<br>നിർവ്വഹണം) കാര്യാലയം, വൈദ്യുത ഭവനം,<br>പട്ടം, തിരുവനന്തപുരം. | എതിർകക്ഷികൾ |

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 23.02.2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 28.03.2017 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 12.04.2017 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 17.05.2017 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 28.04.2017 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 02.05.2017 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 30.01.2020 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.വി.അബ്ദുൾ ഗഫൂർ, 28.04.2017ന് സമർപ്പിച്ച അപ്പീൽ ഹർജി 02.05.2017ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1136(2)/17/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും ടിയാന് വ്യക്തമായ മറുപടികളും അനുബന്ധരേഖകളും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 23.02.2017ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 28.03.2017ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 12.04.2017ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 17.05.2017ന് മറുപടി നൽകിയതായും കാണുന്നു.

4. 05.06.2017ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട 15 ചോദ്യങ്ങൾക്ക് നേരിട്ട് മറുപടി നൽകിയില്ലെന്നും അനുബന്ധമായി ആവശ്യപ്പെട്ട യാതൊരു രേഖയും ഉള്ളടക്കം ചെയ്തിട്ടില്ലെന്നും ആകയാൽ 15 ചോദ്യങ്ങൾക്കും വ്യക്തമായ മറുപടിയും അനുബന്ധരേഖകളും ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നുമാണ്. ഇതു സംബന്ധിച്ച് എസ്.പി.ഐ.ഒ.യിൽ നിന്നും വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടതിൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ. നൽകാൻ കഴിയുന്ന വിവരങ്ങളും രേഖകളുടെ പകർപ്പുകളും യഥാസമയം തന്നെ നൽകിയിരുന്നുവെന്നും പ്രസ്തുത മറുപടിയിൽ തൃപ്തനാകാതെ 12.04.2017ൽ ഹർജിക്കാരൻ 15.05.2017ൽ സമർപ്പിച്ച ഒന്നാം അപ്പീലിന്മേൽ തീർപ്പു കൽപ്പിച്ച് മറുപടി നൽകികയും ചെയ്തുവെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കമ്മീഷനു ബോധ്യമാ

കുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന് നൽകാൻ കഴിയാവുന്ന രേഖകളെല്ലാം നൽകിയിട്ടുണ്ടെന്നും 17.05.2017ലെ അപ്പീൽ തീർപ്പാക്കൽ ഉത്തരവിൽ കുറച്ചു കൂടി വ്യക്തത വരുത്തി മറുപടി നൽകിയിട്ടുണ്ടെന്നുമാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ഫെബ്രുവരി 22-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/